**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **12-02-2025 - ൽ മറുപടിയ്ക്ക്**

**വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവെയുടെ ആദ്യഘട്ടത്തിൽ ആകെ ഉൾപ്പെടുത്തിയ 200 വില്ലേജുകളിലും, രണ്ടാംഘട്ടത്തിൽ 43 വില്ലേജുകളിലും ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് സർവെ അതിരടയാള നിയമപ്രകാരമുളള 9(2) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിൽ സർവെ & ബൗണ്ടറീസ് ആക്ട് പ്രകാരം സർവെ രേഖകൾ പ്രദർശനത്തിന് വയ്ക്കുകയും തുടർന്ന് ലഭിച്ച എ.എൽ.സി അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചും വരുന്നു.<br><br>ഡിജിറ്റൽ സർവെ മൂന്നാം ഘട്ടത്തിൽ ആരംഭിച്ച വില്ലേജുകളിൽ ഫീൽഡ് സർവെ ജോലികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.<br><br>കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ സർവെ അതിരടയാള നിയമ പ്രകാരമുളള സെക്ഷൻ 13 പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | 2022 നവംബർ 1 ന് സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേയ്ക്ക് ആരംഭം കുറിച്ചെങ്കിലും സാങ്കേതിക ഉപകരണങ്ങളുടെ ലഭ്യത ജീവനക്കാരുടെ നിയമനം എന്നിവ സാധ്യമാക്കാനെടുത്ത കാലതാമസം തുടക്കത്തിൽ തടസ്സങ്ങളുണ്ടാക്കിയിരുന്നു. 2023 ഓഗസ്റ്റ് മാസത്തോടു കൂടിയാണ് എല്ലാ സംവിധാനങ്ങളോടുകൂടിയും പൂർണ്ണ തോതിൽ സർവ്വെ ആരംഭിച്ചത്. 243 വില്ലേജുകളിലെ 44 ,16,811 ലാന്റ് പാഴ്സലുകളിലായി 5,95,210ഹെ ക്ടർ ഭൂമിയുടെ സർവ്വെ ഡിജിറ്റലായി ഇതിനകം പൂർത്തീകരിച്ച് 9(2) വിജ്ഞാപനം പുറപ്പെടുവിച്ചു. രണ്ടാം ഘട്ടത്തിലെ ബാക്കി വില്ലേജുകളിലും, മൂന്നാം ഘട്ട വില്ലേജുകളിലും സർവ്വെ നടപടികൾ ആരംഭിച്ചു. പ്രഖ്യാപിച്ച സമയം കൊണ്ട് തന്നെ ഡിജിറ്റൽ റിസർവ്വെ നടപടികൾ പൂർത്തീകരിക്കാനാകും. ഡിജിറ്റൽ സർവ്വേ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായി തയ്യാറാക്കിയ എന്റെ ഭൂമി എന്ന സംയോജിത പോർട്ടൽ യാഥാർത്ഥ്യമാകും. കാര്യക്ഷമവും വേഗത്തിലുള്ളതുമായ സേവനം ജനങ്ങൾക്ക് നൽകാൻ ഇതിലൂടെ സാധിക്കും. |

സെക്ഷൻ ഓഫീസർ